## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1193 — 31.10.2019-ൽ മറുപടിക്ക്

### നെന്മാറ നിയോജകമണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ബാബു | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ഏതെല്ലാം റോഡുകളാണ് നെന്മാറ നിയോജകമണ്ഡലത്തിലുള്ളതെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | കഴിഞ്ഞ ബജറ്റിൽ 20% തുക വകയിരുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മുതലമട - ചെമ്മണാമ്പതി റോഡ് കി.മി 9/900 മുതൽ 11/200 വരെ<br>2. കൊല്ലങ്കോട് - കനിശ്ശേരി റോഡ് കി.മി 4/000 മുതൽ 8/500 വരെ<br>3. മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി.മി 2/000 മുതൽ 5/260 വരെ<br>4. കൊടുവായൂർ - പല്ലാവൂർ - വിത്തനശ്ശേരി റോഡ് കി.മി 5/000 മുതൽ 11/754 വരെ<br><br>മേൽ പ്രവൃത്തികളിൽ മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ 2/000 മുതൽ 5/260 വരെ ബി.എം & ബി.സി ചെയ്യുന്ന പ്രവൃത്തിക്ക് 31.08.2019-ലെ സ.ഉ(സാധാ) നം.1071/2019/പൊ.മ.വ പ്രകാരം 152 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതിക്ക് വേണ്ടി ലഭ്യമായ പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി അടിയന്തരമായി റോഡുപണി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ